പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1224 — 04.12.2014-ലെ മറുപടിക്ക്

## കരുണ എസ്റ്റേറ്റ് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടി

ചോദ്യം

ശ്രീ. എ.കെ. ബാലൻ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. എം. ഹംസ

മറുപടി

ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനധികൃതമായി കൈവശപ്പെടുത്തിയ നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റ് 1963 ലെ ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കുന്നത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതിയിൽ പോബ്സൺ ഗ്രൂപ്പിന്റെ കൈവശത്തിലുള്ള മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കുവാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ ബാബു ഗംഗാനാഥിന്റെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട സർവ്വെ ടീമിന്റെ സർവ്വെ നടപടികൾ നടന്നുവരുന്നു. |
| ബി) | പാട്ടഭൂമിയായ കരുണാ എസ്റ്റേറ്റ് പോബ്സൺ ഗ്രൂപ്പിന് പോക്കുവരവ് ചെയ്തു നൽകിയത് റദ്ദാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (ബി) & (സി) | നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ചിറ്റൂർ അഡീഷണൽ തഹസിൽദാരുടെ 28/05/2014 ലെ എച്ച്2-2013/10327/9/200 നമ്പർ നടപടിക്രമപ്രകാരം. |
| (സി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; പോക്കുവരവ് ചെയ്തുകൊടുത്തത് ഏത് തീയതിയിലായിരുന്നു ; | | |
| (ഡി) | ഇതു സംബന്ധിച്ച് ഉണ്ടായ ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്തായിരുന്നു കണ്ടെത്തൽ ; ഇതിന്മേൽ എന്ത് തുടർനടപടികൾ സ്വീകരിച്ചു ; | (ഡി) | 14/07/2014 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3173/2014/റവന്യൂ പ്രകാരം ലാന്റ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തുകയുണ്ടായി. 1963 ലെ ഭൂപരിഷ്കരണ നിയമം സെക്ഷൻ 72 പ്രകാരം അന്വേഷണവിധേയമായ ഭൂമി 01/01/1970 മുതൽ സർക്കാരിൽ നിക്ഷിപ്തമാണെന്നും 01/01/1970 ന് ശേഷമുള്ള കൈമാറ്റങ്ങൾ എല്ലാംതന്നെ അസാധുവായതിനാൽ ഈ വിഷയത്തിൽ ഭൂപരിഷ്കരണ നിയമത്തിന്റെ വ്യക്തമായ ലംഘനം നടന്നിട്ടുള്ളതായും കണ്ടെത്തിയിരുന്നു. തർക്കവിധേയമായ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് സർവ്വെ ഡയറക്ടറുടെ 11/11/2014 ലെ ബി2-33419/14-ാം നമ്പർ നടപടിക്രമപ്രകാരം ഒരു സ്പെഷ്യൽ ടീമിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുകയും പ്രസ്തുത സർവ്വെയ്ക്ക് മേൽനോട്ടം വഹിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ നോഡൽ ഓഫീസറായും ലാന്റ് ബോർഡ് സെക്രട്ടറി, സർവ്വെ ഡയറക്ടർ, പ്രിൻസിപ്പൽ ചീഫ് |

| | | | |
|---|---|---|---|
| | | | കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഇൻസ്പെക്ടർ ജനറൽ രജിസ്ട്രേഷൻ, ജില്ലാ കളക്ടർ, പാലക്കാട് എന്നിവർ അംഗങ്ങളായ ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നം. 5473/2014/റവന്യൂ തീയതി 12/11/2014 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ടീമിന്റെ അന്വേഷണം നടന്നുവരുന്നു. |
| (ഇ) | പോബ്സൺ ഗ്രൂപ്പ് നിയമവിരുദ്ധമായി കൈവശപ്പെടുത്തിയ ഭൂമി ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് നിക്ഷിപ്തമാക്കാൻ സ്വീകരിച്ച നടപടിയെന്താണ് ; ഭൂമി എത്രയാണെന്നും ഏതൊക്കെയാണെന്നും സർവ്വേ ചെയ്തു കണ്ടെത്തിയിട്ടുണ്ടോ ? | (ഇ) | നെല്ലിയാമ്പതിയിൽ തർക്കവിധേയമായ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. സർവ്വെ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ